"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് - ഇറാം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, അങ്കമാലി (ERAM Technologies Pvt Ltd, Angamaly) എന്ന സ്ഥാപനം 2018-2019 വർഷം നടത്തിയ " Patient Care Management " എന്ന പരിശീലന പദ്ധതിയുടെ ഒന്നാം വർഷത്തെ മൂന്നാം ഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതി - ഉത്തരവ് പുനഃസാധൂകരണം (Revalidate) ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.275/2025/SCSTD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. 07.08.2018 തീയതിയിലെ സ.ഉ(സാധാ)നം.920/2018/പജപവവിവ
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29.10.2022, 21.07.2023, 04.11.2023, 22.06.2024 തീയതികളിലെ SCDD/3377/2022-RA(PL) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥികൾക്കായി Patient Care Management എന്ന പരിശീലന പദ്ധതിയുടെ ഒന്നാം വർഷ പരിശീലനം നടത്തുന്നതിനായി ഇറാം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് , അങ്കമാലി (ERAM Technologies Pvt Ltd,Angamaly) എന്ന സ്ഥാപനത്തിന് പരാമർശം (1) പ്രകാരം 58,19,500/- (അമ്പത്തിയെട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം ) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(2) 50 വിദ്യാർത്ഥികളുടെ ഒന്നും (25%) രണ്ടും (50%) ഗഡുക്കളായി 43,64,625/-രൂപ (14,54,875/- + 29,09,750/-) നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത സ്ഥാപനത്തിന് 2018-19 സാമ്പത്തിക വർഷം അനുവദിച്ചിരുന്നതായും എന്നാൽ കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ലെന്നും ടി പരിശീലനത്തിന്റെ മൂന്നാം ഗഡു അനുവദിക്കുന്നതിനായി വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 2022 ഏപ്രിൽ മാസമാണ് സമർപ്പിച്ചതെന്നും അതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം പ്രസ്തുത കോഴ്സിന് അനുവദിച്ച തുകയിൽ നിന്നും ഒന്നാം വർഷത്തെ കോഴ്സ് പൂർത്തീകരിച്ച 40 വിദ്യാർത്ഥികൾക്കായി മൂന്നാം ഗഡുവായ 11,63,900/- (പതിനൊന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരം രൂപ മാത്രം)രൂപ നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് പരാമർശം (1) ഭരണാനുമതി ഉത്തരവ് പുനഃസാധൂകരണം (revalidate) ചെയ്ത് നൽകണമെന്ന് പരാമർശം (2) പ്രകാരം പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇറാം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് , അങ്കമാലി (ERAM Technologies Pvt Ltd, Angamaly) എന്ന സ്ഥാപനം 2018-2019 വർഷം നടത്തിയ "Patient Care Management" എന്ന പരിശീലന പദ്ധതിയുടെ ഒന്നാം വർഷത്തെ മൂന്നാം ഗഡു തുകയിനത്തിൽ 11,63,900/- (പതിനൊന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ, പ്രസ്തുത തുകയുടെ കൃത്യത ഉറപ്പ് വരുത്തിയതിന് ശേഷം റിലീസ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ 2025-26 സാമ്പത്തിക വർഷത്തെ 2225-01-102-96 Assistance for Training, Employment and Human Resource Management എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം

(1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് പുനഃസാധൂകരണം (Revalidate) ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു . ടി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തിൽ ടി തുക കഴിച്ചുള്ള തുകയ്ക്ക് ഭരണാനുമതി നൽകേണ്ടതാണ് എന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHANAVAS KHAN E
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,
തിരുവനന്തപുരം
ചീഫ് , വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ് , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 15-04-2025 11:42:44
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി യുടെ പി. എസ്. ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്